# തട്ടേക്കാട്

കേരളത്തിലെ ആദ്യത്തെ പക്ഷിസംരക്ഷണ കേന്ദ്രമാണ് തട്ടേക്കാട്. പ്രശസ്ത പക്ഷിനിരീക്ഷകനായ സലിം അലിയുടെ പേരിലാണ് ഈ സങ്കേതം അറിയപ്പെടുന്നത്. 1933 -ൽ സലിം അലി 167 ഇനത്തിൽപ്പെട്ട പക്ഷികളെ തട്ടേക്കാട് കണ്ടെത്തി. എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ ഉൾപ്പെടുന്ന 25.16 ച.കി.മീറ്റർ പ്രദേശം 1983 – ലാണ് പക്ഷി സങ്കേതമായി പ്രഖ്യാപിച്ചത്. മലയാറ്റൂർ, ഷോളയാർ, പറമ്പിക്കുളം, മൂന്നാർ, ഇരവികുളം, ചിന്നാർ എന്നീ വന മേഖലകളുടെ തുടർച്ചയാണ് ഈ പ്രദേശം. ആന, കാട്ടു പോത്ത്, കടുവ, കരടി, മാനുകൾ തുടങ്ങിയ വന്യജീവികൾ ഇവിടെ ധാരാളമുണ്ട്. ഏറ്റവും അടുത്ത ടൗൺ കോതമംഗലമാണ് (13 കി.മീറ്റർ) റെയിൽവേസ്റ്റേഷൻ ആലുവയും (48 കി. മീ) എയർപോർട്ട് നെടുമ്പാശ്ശേരിയും (71 കി. മീറ്റർ). താമസ സൗകര്യത്തിനായി ഇൻസ്പെക്ഷൻ ബംഗ്ലാവും ഡോർമിറ്ററിയും ലഭ്യമാണ്.



| | | |
|---|---|---|
| വിസ്തീർണ്ണം | - | 25 ച.കി.മീറ്റർ |
| വർഷപാതം | - | 2500 -3000 മി.മീറ്റർ |
| ഊഷ്മാവ് | - | $20^0$-$32^0$C |
| സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം | - | 35 - 523 മീ. |
| സന്ദർശനകാലം | - | നവംബർ - ഫെബ്രുവരി |

കൂടുതൽ വിവരങ്ങൾക്ക്

വൈൽഡ്ലൈഫ് വാർഡൻ,
ഇടുക്കി വൈൽഡ്ലൈഫ് സാങ്ച്വറി,
വെള്ളാപ്പാറ, പൈനാവ്.പി.ഒ., ഇടുക്കി
0486 2232271, 94479 79094




